ചേർത്തല ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് നടപടി

188 (6639) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ചേർത്തല ഓട്ടോകാസ്റ്റ് വൻ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റെയിൽവേയുമായി ചേർന്ന് കമ്പനി പുനരുദ്ധാരണത്തിന് നടത്തിയ നീക്കങ്ങളിൽ ഇപ്പോൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ;

(സി) ഓട്ടോകാസ്റ്റിനെ നിലനിർത്താൻ ഏതെങ്കിലും വിദഗ്ദ്ധ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓട്ടോകാസ്റ്റ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിദഗ്ദ്ധ അന്വേഷണങ്ങൾക്കും വിശകലനങ്ങൾക്കും ശേഷം കമ്പനി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജ്, BIFR മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഓട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം 689.15 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അതിൽ 246 ലക്ഷം രൂപ കമ്പനിയിൽ തുടങ്ങിവച്ച സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയാണ്. പദ്ധതിയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1125 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോകാസ്റ്റിന്റെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തികവർഷം 400 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തിനുള്ള ഭരണാനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ

189 (6640) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വ്യവസായ വികസനത്തിനുമായി വ്യവസായ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly